(സി) വിപണി ഇടപെടൽ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടായ സാമ്പത്തിക ബാദ്ധ്യതയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിലത്തകർച്ചയിൽ നിന്ന് റബ്ബർ മേഖലയെ രക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കുള്ള സഹായമായി കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽ നിന്നും 500 കോടി രൂപ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായാണ് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) വിപണി ഇടപെടൽ പദ്ധതിക്കായി സംസ്ഥാന സർക്കാർ വിഹിതമായി 2013-14-ൽ 4 കോടി രൂപയും 2014-15-ൽ 12 കോടി രൂപയും കൃഷി വകുപ്പ് നല്കിയിട്ടുണ്ട്.

സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

84 (1824) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലെ ശമ്പളപരിഷ്കരണ കമ്മീഷൻ നൽകിയിട്ടുള്ള ശിപാർശകൾ നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടികൾ സ്വീകരിച്ച് സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനം ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം. ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ മുഖേന സമയബന്ധിതമായി സേവനങ്ങൾ ലഭിക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിലേയ്ക്കുമായി 2012 നവംബർ 1-ാം തീയതി മുതൽ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012-ഉം ആയതിന്റെ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്.

ഭരണ നടപടികൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭരണ നടപടിക്രമങ്ങൾ ലളിതമാക്കാനും സുതാര്യമാക്കുവാനും സർക്കാർ സേവനങ്ങൾ കാര്യക്ഷമമായി, സർക്കാർ ഓഫീസിൽ പോകാതെ ഏതു സമയത്തും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന നിരവധി ഇ-ഗവേണൻസ് പദ്ധതികൾ വിവര സാങ്കേതിക വിദ്യാ വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്നുണ്ട്.

എല്ലാ സർക്കാർ ജീവനക്കാർക്കും വികസനോന്മുഖമായ പരിശീലനം നൽകണമെന്നതാണ് സർക്കാർ നയം. കേരള സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലനപരിപാടികൾ നടത്തി വരുന്നുണ്ട്. പുതുതായി സർവീസിൽ പ്രവേശിക്കുന്നവർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗും ഇതിൽ ഉൾപ്പെടും. കേരള സംസ്ഥാന ഭരണപരിഷ്കാര കമ്മിറ്റിയുടെ സെക്രട്ടേറിയറ്റ് നവീകരണത്തിനായുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിലേയ്ക്ക് ഒരു ഇൻഹൗസ് ട്രെയിനിംഗ് & ഡെവലപ്മെന്റ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമെ സിവിൽ സർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവീസ് ബോർഡ് രൂപീകരിക്കണമെന്ന് ബഹു. സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്/ഐ.എഫ്.എസ് ഉദ്യോഗസ്ഥർക്കുവേണ്ടി 5-5-2014-ലെ സ.ഉ.(കൈ) നമ്പർ 107/14/പൊ.ഭ.വ. പ്രകാരം ഒരു സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) സിവിൽ സർവീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശിപാർശകളടങ്ങിയ പത്താം ശമ്പള കമ്മീഷന്റെ രണ്ടാം ഘട്ട റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി 20-1-2016-ലെ സ.ഉ. (അച്ചടി) നമ്പർ 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി.) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം

85 (1825) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർകോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണത്തിന് കഴിഞ്ഞ വർഷം ബഡ്ജറ്റ് സ്പീച്ചിൽ അഞ്ചു കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും തുക ലഭ്യമാക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത സ്റ്റേഡിയത്തിനാവശ്യമായ തുക എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2014-15 വർഷത്തെ ബജറ്റ് ചർച്ചയുള്ള മറുപടി പ്രസംഗത്തിൽ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയത്തിനായി 5 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇത് സംബന്ധിച്ച ഭരണാനുമതി സഹിതമുള്ള ശിപാർശ ഭരണ വകുപ്പിൽ നിന്ന് ലഭിക്കാത്തതിനാൽ തുക വകയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഭരണ വകുപ്പിൽ നിന്നും ഭരണാനുമതി സഹിതമുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുക വകയിരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly